**കേരള കാർഷിക സർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in


നമ്പർ ഇ 6519 /2025 തീയതി. 06.11.2025

## ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിലെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] സ്റ്റോർ റൂം ന്റെ റീ വയറിംഗ് ജോലികൾ ചെയ്ത് തരുന്നതിന് അംഗീകൃത ലൈസൻസ് ഉള്ള സ്ഥാപനങ്ങൾ/കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ക്വട്ടേഷൻ നമ്പർ | ഇ. 6519/2025 |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 14.11.2025, 3.00 pm |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | 14.11.2025, 3.30 pm |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, പിൻ-673593 |

**ആവശ്യമുള്ള മെറ്റീരിയലുകൾ**

| | | |
|---|---|---|
| | LED Tube 18W | 55 |
| | Bulb Holder | 10 |
| | Power plug | 35 |
| | 6A socket | 35 |
| | 50W floor light | 14 |
| | Fan | |
| | Wall fan | 5 |

**ജോലിയുടെ വിവരണം**

- PWD സ്റ്റാൻഡേർഡ് ജോലികൾ ചെയ്ത് പരിചയം ഉള്ളവരായിരിക്കണം
- പുതിയ മോഡൽ മെറ്റീരിയലുകൾ ആണ് വയറിംഗിനായി ഉപയോഗിക്കേണ്ടത്
- ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുൻപ് ഉദ്യോഗസ്ഥന്റെ അനുമതിയോടെ സൈറ്റ് നേരിട്ട് സന്ദർശിക്കാവുന്നതാണ്.

## വ്യവസ്ഥകളും നിർദേശങ്ങളും

1. ക്വട്ടേഷൻ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് ഫാമിലെ **സ്റ്റോർ റൂം റീ വയറിംഗ് ജോലികൾ ചെയ്ത് തരുന്നതിനുള്ള ക്വട്ടേഷൻ** എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. നിർദ്ദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും അപൂർണവുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
3. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
4. ക്വട്ടേഷൻ സമർപ്പിക്കുന്ന കരാറുകാരന്റെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പും, ലൈസൻസും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. റീ വയറിംഗ് ജോലികൾക്കുള്ള മെറ്റീരിയൽ, നികുതി, പണിക്കൂലി എന്നിവ ഉൾപ്പെടെയുള്ള നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.
6. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ അന്നേദിവസം 3.00 മണിക്ക് തന്നെ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.
7. വിജയിയായ ക്വട്ടേഷൻകാരൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഓർഡർ അനുസരിച്ച് മേൽ ജോലികൾ എത്രയും വേഗം പൂർത്തികരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്.
8. ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
9. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
10. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.
11. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
12. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്

    (ഫോൺ: 04936 260421/260561, മൊബൈൽ: 7561847874)

//അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവിൻ പ്രകാരം//

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്
നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്ജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ